പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: **3670**

15.05.2017-ൽ മറുപടിക്ക്

# പൊതുമരാമത്ത് വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിലെ ഒഴിവുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.റ്റി.വി.രാജേഷ് | ശ്രീ. ജി.സുധാകരൻ<br>(ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിലേക്കുള്ള പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെപ്പോഴാണ് ; എത്ര ഒഴിവുകൾ നിലവിലുണ്ട്; കണ്ണൂർ ജില്ലയിൽ ഏതൊക്കെ സെക്ഷനുകളിലാണ് ഒഴിവുകൾ നിലവിലുള്ളത്; വിശദാംശം നൽകുമോ; | (എ) അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിലേക്കുള്ള പി.എസ്.സി റാങ്ക് പട്ടിക 15.03.2017-ന് പ്രാബല്യത്തിൽ വന്നു. 139 ഒഴിവുകൾ നിലവിലുണ്ട്. കണ്ണൂർ ജില്ലയിൽ ഒഴിവുകൾ നിലവിലുള്ള സെക്ഷനുകളുടെ വിവരം ചുവടെ ചേർക്കുന്നു.<br>1. കെ.എസ്.റ്റി.പി. ഡിവിഷൻ, കണ്ണൂർ.<br>2. ബിൽഡിംഗ്സ് സെക്ഷൻ, ഇരിട്ടി.<br>3. ബ്രിഡ്ജസ് സെക്ഷൻ, തലശ്ശേരി.<br>4. ബ്രിഡ്ജസ് സെക്ഷൻ, കണ്ണൂർ.<br>5. റോഡ്സ് സെക്ഷൻ, മാടായി. |
| (ബി) ഒഴിവുകൾ എത്രയും വേഗം പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും പരമാവധി ഒഴിവുകൾ നികത്തുന്നതിനും നടപടി സ്വീകരിക്കുമോ;<br>(സി) എത്ര ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നറിയിക്കാമോ? | (ബി) & (സി) 115 ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കിയുള്ളവ സ്ഥാനക്കയറ്റം മുഖേന നിയമിക്കേണ്ടവയാണ്. പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്ത 115 ഒഴിവുകളിൽ 90 പേരുടെ നിയമന ശുപാർശ ലഭിച്ചിട്ടുണ്ട്. ഇവർക്ക് നിയമന ഉത്തരവ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 25 ഒഴിവുകളിൽ നിയമന ശുപാർശ ലഭിക്കാനുണ്ട്. |

സെക്ഷൻ ഓഫീസർ